(എഫ്) എങ്കിൽ പ്രസ്തുത വ്യവസ്ഥയനുസരിച്ച് ഏതെല്ലാം പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾക്ക് സംസ്ഥാനകാർഷിക ഗ്രാമവികസന ബാങ്കുകളിൽ അഫിലിയേഷൻ ലഭിച്ചതായി കണക്കാക്കും എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 61 പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകളുണ്ട്. അവയുടെ ലിസ്റ്റ് അനുബന്ധം 1-ൽ വച്ചിട്ടുണ്ട്.†

(ബി) 44 ബാങ്കുകൾക്ക് അഫിലിയേഷൻ നൽകിയിട്ടുണ്ട്. അവയുടെ ലിസ്റ്റ് അനുബന്ധം 2-ൽ വച്ചിട്ടുണ്ട്.†

(സി) 13 ബാങ്കുകൾ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അവയുടെ ലിസ്റ്റ് അനുബന്ധം 3-ൽ വച്ചിട്ടുണ്ട്.†

(ഡി) കേരള സഹകരണസംഘം നിയമം 8(എ) (2) അനുസരിച്ച് അപേക്ഷ ലഭിച്ച് 60 ദിവസത്തിനകം തീരുമാനം എടുത്തിരിക്കണം.

(ഇ) ഉണ്ട്.

(എഫ്) ചാവക്കാട് പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക്, കുന്നത്തുനാട് സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക്, വൈക്കം സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക്, കൊച്ചി താലൂക്ക് സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് എന്നിവയ്ക്ക് അഫിലിയേഷൻ നൽകിയതായി കണക്കാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സഹകരണ മേഖലയിലെ നിയമനം

101(317) ശ്രീ. കെ. പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി. വഴി സഹകരണ സ്ഥാപനങ്ങളിലേയ്ക്ക് നിയമനം നടത്തുകയുണ്ടായോ ; ഇല്ലെങ്കിൽ ഈ സ്ഥാപനങ്ങളിലെ നിയമനങ്ങളെ സംബന്ധിച്ച് ഇപ്പോഴുള്ള സ്ഥിതി വിശദമാക്കാമോ ;

(ബി) നിയമനം പി.എസ്.സി. ക്ക് വിട്ടുകൊണ്ടുള്ള തീരുമാനം എടുത്തപ്പോൾ നിലവിലുണ്ടായിരുന്നതും പിന്നീട് ഉണ്ടായതുമായ ഒഴിവുകളിൽ ഏത് വിധത്തിലാണ് നിയമനം നടത്തിയതെന്ന് വ്യക്തമാക്കാമോ ;

(സി) പി.എസ്.സി. നിയമന ശുപാർശ നൽകുമ്പോൾ താൽക്കാലിക അടിസ്ഥാനത്തിൽ നിയമിച്ചവരുടെ കാര്യത്തിൽ എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ക്ലാർക്ക്, കാഷ്യർ എന്നീ തസ്തികകളിലേയ്ക്കുള്ള നിയമനത്തിന് ടെസ്റ്റിനു പുറമേ ഇന്റർവ്യൂ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

---

†അനുബന്ധം XXI, XXIA&XXIB

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഉണ്ടെങ്കിൽ മറ്റ് വകുപ്പുകളിലേയ്ക്കുള്ള ഈ തസ്തികകളിലെ നിയമനത്തിന് ഇല്ലാത്ത ഇന്റർവ്യൂ ഇതിന് ഏർപ്പെടുത്തുന്നതിന്റെ കാരണം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ 15 അപ്പക്സ് സഹകരണ സ്ഥാപനങ്ങളിലേയ്ക്കും 14 ജില്ലാ സഹകരണബാങ്കുകളിലേയ്ക്കും ഉള്ള നിയമനങ്ങളാണ് പി.എസ്.സി. വഴി നടത്തുവാൻ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഇവയിൽ ജില്ലാ സഹകരണ ബാങ്കുകളിലെ ക്ലാർക്ക്/കാഷ്യർ, പ്യൂൺ തസ്തികകളിലേയ്ക്ക് ഉദ്യോഗാർത്ഥികളെ തെരെഞ്ഞടുക്കുന്നതിന് പി.എസ്.സി. എഴുത്തു പരീക്ഷ നടത്തിക്കഴിഞ്ഞു. തെരെഞ്ഞടുക്കപ്പെട്ടവരുടെ ലിസ്റ്റ് പരസ്യം ചെയ്തിട്ടില്ല. അതിനാൽ പി.എസ്.സി. വഴി ഇതുവരെ നിയമനം നടത്തിയിട്ടില്ല. മറ്റ് 15 അപ്പക്സ് സംഘങ്ങൾ നേരിട്ട് നിയമനം നടത്തുന്നതിനുള്ള തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി. യെ അറിയിക്കുന്ന മുറയ്ക്ക് പി.എസ്.സി. വഴിയുള്ള നിയമനം നടത്തുന്നതാണ്.

(ബി) ഇത്തരം ഒഴിവുകളിൽ നിശ്ചിത വിദ്യാഭ്യാസയോഗ്യതയുള്ള ജീവനക്കാരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികാടിസ്ഥാനത്തിൽ തുടർച്ചയായി 180 ദിവസത്തിൽ കൂടാത്ത കാലയളവിലേയ്ക്ക് നിയമിച്ചിട്ടുണ്ട്.

(സി) പി.എസ്.സി. നിയമന ശുപാർശകൾ നൽകുമ്പോൾ താൽക്കാലിക അടിസ്ഥാനത്തിൽ നിയമിച്ചവരെ പിരിച്ചുവിടുന്നതാണ്.

(ഡി&ഇ) ക്ലാർക്ക്, കാഷ്യർ എന്നീ തസ്തികകളിലേയ്ക്കുള്ള നിയമനത്തിന് ഇന്റർവ്യൂ നടത്തുന്ന കാര്യം പി.എസ്.സി. യുടെ റൂൾസ് ഓഫ് പ്രൊസിഡ്യുവർ പ്രകാരമാണ് തീരുമാനിക്കുന്നത്.

സഹകരണ വകുപ്പിലെ നിയമനം

102(318) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിയമനങ്ങളിലെ സാമുദായിക സംവരണം അറിയാതെ സഹകരണ വകുപ്പിൽ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർമാരുടെ തസ്തികകളിൽ നിയമനം നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പി.എസ്.സി. വഴി അല്ലാതെ തസ്തികമാറ്റം വഴി ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയിൽ നിയമനം നടത്തുമ്പോൾ സാമുദായിക സംവരണതത്വം പാലിക്കാറുണ്ടോ ;

(സി) ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയിൽ നിയമനം സംബന്ധിച്ച് സപെഷ്യൽ റൂൾസ് നിലവിലുണ്ടോ ; ഉണ്ടെങ്കിൽ ഓപ്പൺ കാറ്റഗറിയിൽപ്പെട്ടവരുടെയും സർവ്വീസ് കാറ്റഗറിയിൽപ്പെട്ടവരുടെയും നിയമനം സംബന്ധിച്ചുള്ള കാറ്റഗറി വ്യവസ്ഥ വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly